"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - ദി കേരള സെറാമിക്സ് ലിമിറ്റഡ് - ഖനന പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത ഭൂമിയിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ട 14 കുടുംബങ്ങളിലെ ഒരാൾക്ക് വീതം ദി കേരള സെറാമിക്സ് ലിമിറ്റഡിൽ തൊഴിൽ നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.11/2024/ID തീയതി,തിരുവനന്തപുരം, 17-02-2024

---

പരാമർശം:-

1. 05/12/2013 ലെ സ.ഉ(സാധാ)നം.6500/2013/റവ
2. 02.02.2019ലെ PLGEA-BPE3/122/2016 നമ്പർ സർക്കുലർ.
3. 12/02/2021 ലെ ദി കേരള സെറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ എം.പി.എ/എസ്റ്റാ/1240/20-21 നമ്പർ കത്ത്.
4. 07/12/2021 ലെ ദി കേരള സെറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ MPA/Mining Land Job/1192/2021-22 നമ്പർ. കത്ത്
5. 22/08/2022 ലെ ദി കേരള സെറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ എം.പി.എ/എസ്റ്റാ/788/22-23 നമ്പർ കത്ത്.
6. 03/01/2023 ലെ ദി കേരള സെറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ MPA/Col.Rehabilitation/1317/2022-23 നമ്പർ കത്ത്.
7. 10/10/2023 ലെ ദി കേരള സെറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ എം.പി.എ/എസ്റ്റാ/660/23-24 നമ്പർ കത്ത്.

**ഉത്തരവ്**

ദി കേരള സിറാമിക്സ് ലിമിറ്റഡിന്റെ ഖനനപ്രവർത്തനങ്ങൾക്കായി കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിലെ മുളവന വില്ലേജിൽ 2.1230 ഹെക്ടർ ഭൂമി നിയമം അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനും ഭൂവുടമകളുമായി ചർച്ചകൾക്കായി ജില്ലാതല പർച്ചേസ് കമ്മിറ്റി (ഡിഎൽപിസി) രൂപീകരിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കൊല്ലം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 29.07.2015 ന് നടന്ന ജില്ലാതല പർച്ചേസ് കമ്മിറ്റി (ഡിഎൽപിസി) യോഗത്തിൽ പരിഗണിച്ചിരുന്നത് പ്രകാരം കുടിയൊഴിപ്പിക്കപ്പെട്ട 14 കുടുംബങ്ങളിൽ നിന്ന് ഒരാൾക്ക് വീതം വർക്കർ തസ്തികയിൽ തൊഴിൽ നൽകുന്നതിനുള്ള നിർദ്ദേശം, കമ്പനി ഡയറക്ടർ ബോർഡിന്റെ ശിപാർശ സഹിതം ദി കേരള സെറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശത്തിലെ കത്തുകൾ പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. കുടിയൊഴിക്കപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനുള്ള യോഗ്യതയും മുൻഗണനയും ദി കേരള സിറാമിക്സ് ലിമിറ്റഡിന്റെ 08/12/2022 ലെ 278-ാമത് ഡയറക്ടർ ബോർഡ് യോഗം

അംഗീകരിക്കുകയുണ്ടായി.

3. 2013 ലെ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act ലെ 2-ാം Schedule പ്രകാരവും, ആക്റ്റിലെ 108-ാം വകുപ്പ് പ്രകാരവും സംസ്ഥാന സർക്കാർ രൂപം നൽകിയ, 29/12/2017 ലെ GO(Ms)No. 448/2017/RD നമ്പർ ഉത്തരവിൻ പ്രകാരമുള്ള State Policy on Rehabilitation and Resettlement ലെ 4-ാം ഇനം, Choice of Annuity or employment പ്രകാരവും ബാധിക്കപ്പെട്ട എല്ലാ കുടുംബങ്ങൾക്കും സമുചിത ഗവൺമെന്റ് താഴെപ്പറയുന്ന ഓപ്ഷനോട്ടു കൂടിയ തൊഴിൽ ഉറപ്പു വരുത്തേണ്ടതാണെന്ന് വ്യവസ്ഥചെയ്യുന്നു.

i. ബന്ധപ്പെട്ട മേഖലയിൽ അനുയോജ്യമായ പരിശീലനവും നൈപുണ്യവികസനവും നടത്തിയശേഷം, പ്രോജക്ട് മുഖേന തൊഴിൽ സൃഷ്ടിക്കപ്പെട്ടെങ്കിൽ തത്സമയം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മിനിമം വേജസിനു താഴെയല്ലാത്ത നിരക്കിൽ പ്രോജക്റ്റ് ബാധിക്കപ്പെട്ട കുടുംബത്തിലെ കുറഞ്ഞത് ഒരാംഗത്തിനെങ്കിലും ആ പ്രോജക്റ്റിലോ ആവശ്യമുള്ളപക്ഷം മറ്റേതെങ്കിലും പ്രോജക്റ്റിലോ ജോലി നൽകുകയോ അല്ലെങ്കിൽ;

ii. ബാധിക്കപ്പെട്ട കുടുംബത്തിന് 5 ലക്ഷം രൂപ ഒറ്റ തവണയായി നൽകുകയോ അല്ലെങ്കിൽ

iii. ഒരു കുടുംബത്തിന് പ്രതിമാസം രണ്ടായിരം രൂപയിൽ കുറയാതെ നൽകും വിധത്തിൽ ഇരുപതു വർഷത്തേയ്ക്കുള്ള പോളിസികൾ നൽകുകയോ ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ട്.

4. പരാമർശം (2) പ്രകാരമുള്ള സർക്കുലറിൽ വർക്കർ തസ്തികയെ പി.എസ്.സി. നിയമനത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതായി വ്യക്തമാകുന്നുണ്ട്. ദി കേരള സിറാമിക്സ് ലിമിറ്റഡിന്റെ ഖനനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട 14 കോളനിനിവാസി കുടുംബങ്ങളിൽ നിന്ന് ഒരാൾക്ക് വീതം കമ്പനിയിലെ അംഗീകൃത വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് നിയമപരമായി തടസ്സമൊന്നുമില്ല.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ദി കേരള സിറാമിക്സ് ലിമിറ്റഡിന്റെ ഖനനാവശ്യത്തിനായി പരാമർശം (1) ഉത്തരവ് പ്രകാരം ഏറ്റെടുത്ത ഭൂമിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട 14 കോളനി നിവാസി കുടുംബങ്ങളിൽ നിന്ന് ഒരാൾക്ക് വീതം, ഇതോടൊപ്പം ചുവടെ ചേർത്തിരിക്കുന്ന മാനദണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള യോഗ്യതയും മുൻഗണനയും പാലിച്ചുകൊണ്ട്, കമ്പനിയിൽ വർക്കർ തസ്തികയിൽ തൊഴിൽ നൽകുന്നതിന് ദി കേരള സിറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽ കുന്നു.

***1. ഈ സ്കീം പ്രകാരം വർക്കർ തസ്തികയിലേക്കുള്ള അപേക്ഷകരുടെ കുറഞ്ഞ യോഗ്യത***

*a . പ്രായപരിധി 41 വയസ്സ്. SC/ST/OBC വിഭാഗങ്ങൾക്ക് നിയമാനുസൃതമുള്ള ഇളവുകൾ പരിഗണിക്കുന്നതാണ്.*

*b . നിലവിൽ വർക്കർ തസ്തികയിലേക്ക് പരിഗണിക്കപ്പെടേണ്ടവരുടെ കുറഞ്ഞ യോഗ്യതയായ 120 ദിവസത്തെ clay refining വ്യവസായത്തിലെ പ്രവർത്തിപരിചയം ESCR സ്കീമിൽ ബാധകമാക്കാൻ*

സാധിക്കുകയില്ല.

c . ഭൂമി ഏറ്റെടുക്കപ്പെടുന്ന കോളനിയിലെ കുടുംബത്തിൻറെ ഭൂമി കൈമാറ്റം ചെയ്യുന്ന വ്യക്തി/വ്യക്തിയുടെ ജീവിതപങ്കാളി/വ്യക്തിയുടെ മകൻ അഥവാ മകൾ/മകൻ അഥവാ മകൾ എന്നിവരുടെ അഭാവത്തിൽ വ്യക്തിയുടെ ദത്തെടുത്ത മകൻ/മകൾ; / ഭൂവുടമ അവിവാഹിതനോ അവിവാഹിതയോ ആണെങ്കിൽ ഭൂവുടമയുടെ അവിവാഹിതരായ സഹോദരൻ/സഹോദരി എന്നീ ബന്ധത്തിൽപ്പെട്ട ഒരാളായിരിക്കണം അപേക്ഷകൻ/അപേക്ഷക.

d. ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എട്ടാം ക്ലാസ് പാസ്സായിരിക്കണം.

**2. അപേക്ഷിക്കുന്നവരുടെ മുൻഗണനാക്രമം:-**

a. ഏത് വ്യക്തിയിൽ നിന്നാണോ സ്ഥലം ഏറ്റെടുത്തത് ആ വ്യക്തിക്ക് പ്രഥമ പരിഗണന

b. രണ്ടാമത് ജീവിതപങ്കാളി.

c. മൂന്നാമത് മകൻ അഥവാ മകൾ

d. നാലാമത് മകൻ/മകൾ എന്നിവരുടെ അഭാവത്തിൽ ദത്തെടുത്ത മകൻ/മകൾ.

e . അഞ്ചാമത്- ഭൂവുടമ അവിവാഹിതനോ അവിവാഹിതയോ ആണെങ്കിൽ അവിവാഹിതരായ സഹോദരങ്ങൾ.

**3. അപേക്ഷകൻ സമർപ്പിക്കേണ്ട രേഖകൾ**

a. പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST/OBC വിഭാഗങ്ങൾക്കുള്ള നിയമാനുസൃത പ്രായപ്രിധി ഇളവ് ബാധകമാണെങ്കിൽ ജാതി സർട്ടിഫിക്കറ്റും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും ).

b . കുടുംബാംഗമാണെന്ന് കാണിക്കുന്ന ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് & റിലേഷൻഷിപ്പ് സർട്ടിഫികറ്റ് (ആവശ്യാനുസരണം )

c . ഭൂവുടമയുടെ/ ഭൂവുടമകളുടെ ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട എല്ലാ കുടുംബാംഗങ്ങളും നിരാക്ഷേപ പത്രം .

d. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

മേൽപ്പറഞ്ഞവ കൂടാതെ E S C R പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി താഴെപ്പറയുന്ന ശിപാർശ കൂടി സബ് കമ്മിറ്റി നടത്തുകയുണ്ടായി.

- E S C R തൊഴിൽദാന പദ്ധതിയിൽ പരിഗണിക്കപ്പെടുന്ന അപേക്ഷകരുടെ യോഗ്യതയും മാനദണ്ഡങ്ങളും സംബന്ധിച്ച് ഭൂവുടമയ്ക്കോ കുടുംബാംഗങ്ങൾക്കോ മതിയായ ധാരണ ലഭിച്ചിട്ടില്ല എങ്കിൽ ആയത് ഉറപ്പവരുത്തുന്നതിന് വേണ്ടി ഭരണസമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനിക്കുന്ന മാനദണ്ഡവും മുൻഗണനാക്രമവും യോഗ്യതകളും സംബന്ധിച്ച ഒരു പത്രപരസ്യം അല്ലെങ്കിൽ സമുചിതമായ മറ്റൊരു അറിയിപ്പ് എല്ലാ ഭൂവുടമകൾക്കും രേഖമൂലം നൽകേണ്ടതാണ്.

- *മറ്റ് കുടുംബാംഗങ്ങളിൽ നിന്നുള്ള നിരാക്ഷേപ പത്രം ഹാജരാക്കേണ്ടതാണ്.*
- *യോഗ്യതയും മുൻഗണനാക്രമവും സംബന്ധിച്ച മാനദണ്ഡങ്ങളിൽ രണ്ട് അപേക്ഷകർ തുല്യ നില കൈവരിക്കുന്ന പക്ഷം ഏറ്റവും കൂടിയ പ്രായമുള്ള ആൾക്ക് മുൻഗണന നൽകാവുന്നതാണ്.*
- *ഭാവിയിലെ വ്യവഹാരങ്ങളിൽ കമ്പനിയുടെ താൽപര്യങ്ങൾ പരിരക്ഷിക്കപ്പെടാനായി ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ ജോലിക്ക് അർഹത ഉണ്ടാവുകയുള്ളൂ എന്ന കാര്യം പ്രത്യേകം വിജ്ഞാപനം ചെയ്യപ്പെടേണ്ടതാണ്. ഈ സ്കീം പ്രകാരമുള്ള തൊഴിൽ ലഭ്യത negotiated purchase scheme പ്രകാരം വില നൽകി ഏറ്റെടുത്ത ഭൂമിയുടെ ഉടമകൾ ഒഴികെയുള്ള കോളനി നിവാസികൾക്കു മാത്രമായി പരിമിതപ്പെടുത്തുന്നതും വിജ്ഞാപനം ചെയ്യപ്പെടേണ്ടതാണ്.*

ii. 28.02.1992-ലെ 14896/BPE2/91/Plg നമ്പർ സർക്കുലറിലെ ഖണ്ഡിക 1(4) -ൽ പ്രതിപാദിക്കുന്ന പ്രകാരം കമ്പനിയുടെ ഡയറക്ടർ ബോർഡ് നിർദ്ദേശിക്കുന്ന 3 പേരിൽ കുറയാത്ത ഒരു കമ്മിറ്റി (ഒരു സർക്കാർ പ്രതിനിധി ഉൾപ്പെടുന്നത്) രൂപീകരിക്കുകയും , പ്രസ്തുത കമ്മിറ്റി ഇപ്രകാരം തൊഴിൽ നൽകുന്നതിനുള്ള അപേക്ഷകരുടെ യോഗ്യത നിശ്ചയിച്ച് അത് പരിശോധിച്ച് നിയമനത്തിനുള്ള ശിപാർശ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുമൻ ബില്ല
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ദി കേരള സിറാമിക്സ് ലിമിറ്റഡ്, കുണ്ടറ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്സ്.എസ്സ്.എ/ഇ&ആർ.എസ്സ്.എ) കേരളം, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
എക്സിക്യൂട്ടീവ് ചെയർമാൻ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (..............ഇനം............ തീയതി)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (31.01.2022 ലെ PLGEA-BPE1/150/2021-PLEGEA ഫയലിലെ അഭിപ്രായം പ്രകാരം)
ധനകാര്യ വകുപ്പ് (12.01.2024 ലെ ലെ പിയുഡി-2/71/2023-ധന ഫയലിലെ അഭിപ്രായം പ്രകാരം)
വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Divya Y V
Date: 19-02-2024 14:55:48

പകർപ്പ് :- ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-02-2024

ഫയൽ നം. വ്യവ-എച്ച്2/62/2021/വ്യവ. ഇനം നം: 2048

വിഷയം : വ്യവസായ വകുപ്പ് - കേരള സെറാമിക്സ് ലിമിറ്റഡിന്റെ ഖനന ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട പതിനാല് കുടുംബങ്ങളിൽ നിന്ന് ഒരാൾക്ക് വീതം തൊഴിൽ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

14/2/24

57

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | വ്യവ.-എച്ച് 2/62/2021-വ്യവ |
| 2 | വകുപ്പ് | വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | കേരള സെറാമിക്സ് ലിമിറ്റഡിന്റെ ഖനന ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട പതിനാല് കുടുംബാംഗങ്ങളിൽ ഒരാൾക്ക് തൊഴിൽ നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 30.04.2023 Note#90 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട്. നിയമ വകുപ്പും, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പും |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.എം.എ.റജീന ബീഗം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ.സുമൻ ബില്ല |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 19-01-2024. |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു.വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 12.2.24. |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

89

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

ദി കേരള സെറാമിക്സ് ലിമിറ്റഡിന്റെ ഖനന പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത ഭൂമിയിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ട കുടുംബാംഗങ്ങൾക്ക് തൊഴിൽ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ദി കേരള സിറാമിക്സ് ലിമിറ്റഡിന്റെ ഖനനപ്രവർത്തനങ്ങൾക്കായി കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിലെ മുളവന വില്ലേജിൽ 2.1230 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 05.12.2013 ലെ സ.ഉ(സാധാ) നം.6500/2013/റവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. P7 നിയമം അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനും ഭൂവുടമകളുമായി ചർച്ചകൾക്കുമായി ജില്ലാതല പർച്ചേസ് കമ്മിറ്റി (ഡിഎൽപിസി) രൂപീകരിക്കുന്നതിനും ടി ഉത്തരവ് പ്രകാരം കൊല്ലം ജില്ലാ കളക്ടർക്ക് അനുമതി നൽകുകയും ചെയ്തിരുന്നു.

3. കൊല്ലം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 29.07.2015 ന് നടന്ന ജില്ലാതല പർച്ചേസ് കമ്മിറ്റി (ഡിഎൽപിസി) യോഗത്തിൽ പരിഗണിച്ചിരുന്നത് പ്രകാരം കുടിയൊഴിപ്പിക്കപ്പെട്ട 14 കുടുംബങ്ങളിൽ നിന്ന് ഒരാൾക്ക് വീതം വർക്കർ തസ്തികയിൽ തൊഴിൽ നൽകുന്നതിനുള്ള നിർദ്ദേശം ദി കേരള സെറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ P1-5 സർക്കാരിൽ സമർപ്പിച്ചു. 24.11.2020 ന് ചേർന്ന കമ്പനിയുടെ 267-ാമത് ഡയറക്ടർ ബോർഡ് P24-25 യോഗം ഈ വിഷയം സർക്കാരിൽ സമർപ്പിക്കുവാനും, ശ്രീ.സന്തോഷ്.ജിയും മറ്റുള്ളവരും ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P(C) No. 13685/2013 നമ്പർ കേസിൽ P16-22 എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രം സ്പോൺസർ ചെയ്യുന്ന ഉദ്യോഗാർത്ഥികളിൽ നിന്ന് കമ്പനിയിലേക്കുള്ള നിയമനങ്ങൾ നടത്താൻ കമ്പനിയോട് നിർദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ച 15.12.2015 തീയതിയിലെ വിധിന്യായം ഭേദഗതി ചെയ്യുന്നതിനായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കാനും തീരുമാനിച്ചു.

4. ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ പറയും പ്രകാരമാണ്:- Flag 'A'

*"2013 ലെ The Right to Fair Compensation and Transparency in Land Acquisiton, Rehabilitation and Resettlement Act ലെ 2-ാം Schedule പ്രകാരവും, ആക്ടിലെ 108-ാം വകുപ്പ് പ്രകാരവും സംസ്ഥാന സർക്കാർ രൂപം നൽകിയ, 29/12/2017 ലെ GO(Ms)No. 448/2017/RD നമ്പർ ഉത്തരവിൻ പ്രകാരമുള്ള State Policy on Rehabilitation and Resettlement ലെ 4-ാം ഇനമായ Choice of Annuity or employment പ്രകാരവും ബാധിക്കപ്പെട്ട എല്ലാ കുടുംബങ്ങൾക്കും സമുചിത ഗവൺമെന്റ് താഴെപ്പറയുന്ന ഓപ്ഷനോടു കൂടിയ തൊഴിൽ ഉറപ്പു വരുത്തേണ്ടതാണ്.*

1) ബന്ധപ്പെട്ട മേഖലയിൽ അനുയോജ്യമായ പരിശീലനവും നൈപുണ്യവികസനവും നടത്തിയശേഷം, പ്രോജക്റ്റ് മുഖേന തൊഴിൽ സൃഷ്ടിക്കപ്പെട്ടെങ്കിൽ. തത്സമയം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മിനിമം വേജസിനു താഴെയല്ലാത്ത നിരക്കിൽ പ്രോജക്റ്റ് ബാധിക്കപ്പെട്ട കുടുംബത്തിലെ കുറഞ്ഞത് ഒരാംഗത്തിനെങ്കിലും ആ പ്രോജക്റ്റിലോ ആവശ്യമുള്ളപക്ഷം മറ്റേതെങ്കിലും പ്രോജക്റ്റിലോ ജോലി നൽകുകയോ അല്ലെങ്കിൽ;

2) ബാധിക്കപ്പെട്ട കുടുംബത്തിന് 5 ലക്ഷം രൂപ ഒറ്റ തവണയായി നൽകുകയോ അല്ലെങ്കിൽ

3) ഒരു കുടുംബത്തിന് പ്രതിമാസം രണ്ടായിരം രൂപയിൽ കുറയാതെ നൽകും വിധത്തിൽ ഇരുപതു വർഷത്തേയ്ക്കുള്ള പോളിസികൾ നൽകുകയോ ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ട്.

മേൽ സാഹചര്യത്തിൽ കേരള സിറാമിക്സ് ലിമിറ്റഡിനു വേണ്ടി സ്ഥലമെടുത്ത പ്രോജക്റ്റിൽ തൊഴിൽ സൃഷ്ടിക്കപ്പെട്ടുമെങ്കിൽ, ആരിൽ നിന്നാണോ, ഭൂമി ഏറ്റെടുത്തത് ആ കുടുംബങ്ങളിലെ അംഗങ്ങളിൽ നിന്നും അപേക്ഷ നൽകിയവരിൽ (ഒരാൾക്കെങ്കിലും) പ്രസ്തുത പ്രോജക്റ്റിലോ മറ്റേതെങ്കിലും പോജക്റ്റിലോ ജോലി നൽകുവാൻ അർഹതയുണ്ടോ എന്ന കാര്യം പരിശോധിച്ചുകൊണ്ട് തൊഴിൽ നൽകുന്നതിന് നിയമതടസ്സമില്ല. തൊഴിൽ നൽകാൻ കഴിയാത്തപക്ഷം, മറ്റ് options സ്വീകരിക്കാവുന്നതാണ്. WP(C)13685/2013 ാം നമ്പർ കേസിലെ വിധി പരിശോധിച്ചതിൽ പ്രസ്തുത വിധി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചതല്ലെന്നും ആയതിനാൽ പ്രസ്തുത വിധി ഈ കേസിൽ തീരുമാനമെടുക്കുന്നതിന് തടസ്സമല്ലെന്നുമുള്ള വിവരം ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്".

5. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ പറയും Note#52 പ്രകാരമാണ്:-

"05.09.1986 ലെ 13770/BPE/86/Plg നമ്പർ സർക്കുലർ ഖണ്ഡിക 3 പ്രകാരം (p 30-31 cf) ഫാക്ടറീസ് ആക്റ്റിൽ നിർവചിക്കുന്ന 'വർക്കർ' തസ്തികയും, സൂപ്പർവൈസറി, മാനേജേരിയൽ തസ്തികകളും ഒഴികെയുള്ള തസ്തികകളിൽ പി.എസ്.സി. വഴിയാണ് നിയമനം നടത്തേണ്ടത്. പ്രസ്തുത സർക്കുലറിൽ വർക്കർ തസ്തികയെ പി.എസ്.സി. നിയമനത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത് ഈ ഫയലിലെ വിഷയം പോലുള്ള സമാനമായ സാഹചര്യങ്ങളിൽ സമീപവാസികളുടെ സഹകരണം നേടാൻ കമ്പനിയിൽ അവരുടെ നിയമനങ്ങൾ പ്രോത്സാഹിപ്പിക്കാൻ കൂടിയാണ്. കൂടാതെ 02.02.2019 ലെ PLGEA-

*BPE3/122/2016 നമ്പർ സർക്കുലറിലെ ഖണ്ഡിക 2 ൽ (p 32-33 cf ) പ്രസ്തുത കാര്യം ബി.പി.ഇ. വകുപ്പ് വ്യക്തമാക്കുന്നുമുണ്ട്.*

*അതിനാൽ പ്രസ്തുത കേസിൽ പദ്ധതിയുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട 14 കുടുംബങ്ങളിലെ ഒരാൾക്ക് വീതം 14 പേർക്ക് കമ്പനിയിലെ അംഗീകൃത വർക്കർ തസ്തികയിൽ നിയമനം നൽകണമെന്ന വിഷയത്തിൽ നിയമപരമായ തടസ്സമൊന്നുമില്ല. അതിനാൽ മേൽ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭയുടെ അനുമതിയോടെ ഭരണ വകുപ്പിന് ഉത്തരവ് പുറപ്പെടുവിച്ച് കേരള സിറാമിക്സ് ലിമിറ്റഡ് എം.ഡി.യെ അറിയിക്കാവുന്നതാണ്.*

*ഇപ്രകാരം തൊഴിൽ നൽകുന്നവരുടെ യോഗ്യത നിർണ്ണയിക്കുന്നതിന് 28.02.1992 ലെ 14896/BPE2/91/Plg നമ്പർ സർക്കുലറിലെ ഖണ്ഡിക 1 (4) ൽ (p 34-35 cf) പ്രതിപാദിക്കുന്ന പ്രകാരം ഡയറക്ടർ ബോർഡ് നിർദ്ദേശിക്കുന്ന 3 പേരിൽ കുറയാത്ത ഒരു കമ്മിറ്റി (ഒരു സർക്കാർ പ്രതിനിധി ഉൾപ്പെടുന്നത്) രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി അപേക്ഷകരുടെ യോഗ്യത നിശ്ചയിച്ച് അത് പരിശോധിച്ച് നിയമനത്തിനുള്ള ശിപാർശ നൽകാവുന്നതുമാണ്"*

6. ദി കേരള സിറാമിക്സ് ലിമിറ്റഡിന്റെ ഖനനാവശ്യത്തിനായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനുള്ള യോഗ്യതയും മുൻഗണനയും നിശ്ചയിക്കാൻ കേരള സെറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. Note #60 കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിന് ബോർഡ് സബ് കമ്മിറ്റി ശുപാർശ ചെയ്ത, യോഗ്യതയും മുൻഗണനയും കേരള സെറാമിക്സ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിന്റെ 278-ാമത് യോഗം അംഗീകരിക്കുകയുണ്ടായി. സബ് കമ്മിറ്റിയുടെ ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. Flag B

7. ദി കേരള സെറാമിക്സ് ലിമിറ്റഡിന് വേണ്ടി ഭൂമി ഏറ്റെടുത്തതിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട 14 കുടുംബങ്ങളിലെ ഒരാൾക്ക് പുനരധിവാസ പാക്കേജിന്റെ ഭാഗമായി കേരള സെറാമിക്സ് ലിമിറ്റഡിലെ വർക്കർ തസ്തികയിൽ ജോലി നൽകുന്ന കാര്യം കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ സബ് കമ്മിറ്റിയുടെ ശുപാർശ ചെയ്ത Note #59 പ്രകാരമുള്ള യോഗ്യതയും മുൻഗണനയും (അനുബന്ധം) നിശ്ചയിച്ചുകൊണ്ട് ഒരു പ്രത്യേക കേസായി പരിഗണിക്കാവുന്നതാണ്.

8. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ~~ചുവടെ പറയും പ്രകാരമാണ്~~:- "കേരള സിറാമിക്സ് 129 NF ലിമിറ്റഡ് കമ്പനി ഖനനാവശ്യങ്ങൾക്കായി സ്ഥലം ഏറ്റെടുത്ത ലക്ഷം വീട് കോളനിയിലെ 14 കുടുംബങ്ങളിലെ ഒരാളെ വീതം കമ്പനിയിൽ നിയമിക്കാൻ അനുമതി നൽകാവുന്നതാണ്. ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിന്റെ E1729644 IND-H2/62/2021-IND ഫയലിലെ note # 52 ലെ അഭിപ്രായപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടു

അപേക്ഷകരുടെ യോഗ്യത നിശ്ചയിച്ച് അത് പരിശോധിച്ച് നിയമനത്തിനുള്ള ശിപാർശ നൽകാവുന്നതുമാണ്.

മേൽ തീരുമാനത്തിന് ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്".

9. ഫയൽ ബഹു വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി. Note #90

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

05.12.2013 ലെ സ.ഉ(സാധാ) നം.6500/2013/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സിറാമിക്സ് ലിമിറ്റഡിന്റെ ഖനനപ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത ഭൂമിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട 14 കോളനി നിവാസി കുടുംബങ്ങളിൽ നിന്ന് ഒരാൾക്ക് വീതം, ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള യോഗ്യതയും മുൻഗണനയും അടിസ്ഥാനമാക്കി, കേരള സിറാമിക്സ് ലിമിറ്റഡിൽ വർക്കർ തസ്തികയിൽ ജോലി നൽകുന്നതിന് കേരള സെറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകാമോ?

19/1/24

19/1/24

19/1/2024

19/1

12/2/24

12/2/24

Annexure

**ദി കേരള സിറാമിക്സ് ലിമിറ്റഡിന്റെ മൈനിംഗ് ആവശ്യത്തിലേക്കായി ഭൂമി ഏറ്റെടുത്തപ്പോൾ കുടിയൊഴിപ്പിക്കപ്പെട്ട കോളനി നിവാസികൾക്ക് തൊഴിൽ നൽകുന്നതിന് കമ്പനിയുടെ ഡയറക്ടർബോർഡ് അംഗീകാരം നൽകിയ മാനദണ്ഡങ്ങൾ**

**1. ഈ സ്കീം പ്രകാരം വർക്കർ തസ്തികയിലേക്കുള്ള അപേക്ഷകരുടെ കുറഞ്ഞ യോഗ്യത**

a. പ്രായപരിധി 41 വയസ്സ്. SC/ST/OBC വിഭാഗങ്ങൾക്ക് നിയമാനുസൃതമുള്ള ഇളവുകൾ പരിഗണിക്കുന്നതാണ്.

b. നിലവിൽ വർക്കർ തസ്തികയിലേക്ക് പരിഗണിക്കപ്പെടേണ്ടവരുടെ കുറഞ്ഞ യോഗ്യതയായ 120 ദിവസത്തെ clay refining വ്യവസായത്തിലെ പ്രവർത്തിപരിചയം ESCR സ്കീമിൽ ബാധകമാക്കാൻ സാധിക്കുകയില്ല.

c. ഭൂമി ഏറ്റെടുക്കപ്പെടുന്ന കോളനിയിലെ കുടുംബത്തിൻറെ ഭൂമി കൈമാറ്റം ചെയ്യുന്ന വ്യക്തി/വ്യക്തിയുടെ ജീവിതപങ്കാളി/വ്യക്തിയുടെ മകൻ അഥവാ മകൾ/മകൻ അഥവാ മകൾ എന്നിവരുടെ അഭാവത്തിൽ വ്യക്തിയുടെ ദത്തെടുത്ത മകൻ/മകൾ,/ ഭൂവുടമ അവിവാഹിതനോ അവിവാഹിതയോ ആണെങ്കിൽ ഭൂവുടമയുടെ അവിവാഹിതരായ സഹോദരൻ/സഹോദരി എന്നി ബന്ധത്തിൽപ്പെട്ട ഒരാളായിരിക്കണം അപേക്ഷകൻ/അപേക്ഷക.

d. ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എട്ടാം ക്ലാസ് പാസ്സായിരിക്കണം.

**2. അപേക്ഷിക്കുന്നവരുടെ മുൻഗണനാക്രമം:-**

a. ഏത് വ്യക്തിയിൽ നിന്നാണോ സ്ഥലം ഏറ്റെടുത്തത് ആ വ്യക്തിക്ക് പ്രഥമ പരിഗണന

b. രണ്ടാമത് ജീവിതപങ്കാളി.

c. മൂന്നാമത് മകൻ അഥവാ മകൾ

d. നാലാമത് മകൻ/മകൾ എന്നിവരുടെ അഭാവത്തിൽ ദത്തെടുത്ത മകൻ/മകൾ.

e. അഞ്ചാമത്- ഭൂവുടമ അവിവാഹിതനോ അവിവാഹിതയോ ആണെങ്കിൽ അവിവാഹിതരായ സഹോദരങ്ങൾ.

**3. അപേക്ഷകൻ സമർപ്പിക്കേണ്ട രേഖകൾ**

a. പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST/OBC വിഭാഗങ്ങൾക്കുള്ള നിയമാനുസൃത പ്രായപ്രിധി ഇളവ് ബാധകമാണെങ്കിൽ ജാതി സർട്ടിഫിക്കറ്റും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും).

b. കുടുംബാംഗമാണെന്ന് കാണിക്കുന്ന ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് & റിലേഷൻഷിപ്പ് സർട്ടിഫികറ്റ് (ആവശ്യാനുസരണം)

c. ഭൂവുടമയുടെ/ ഭൂവുടമകളുടെ ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട എല്ലാ കുടുംബാംഗങ്ങളും നിരാക്ഷേപ പത്രം .

d. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

മേൽപ്പറഞ്ഞവ കൂടാതെ ESCR പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി താഴെപ്പറയുന്ന ശുപാർശകൾ കൂടി സബ് കമ്മിറ്റി നടത്തുകയുണ്ടായി.

- ESCR തൊഴിൽദാന പദ്ധതിയിൽ പരിഗണിക്കപ്പെടുന്ന അപേക്ഷകരുടെ യോഗ്യതയും മാനദണ്ഡങ്ങളും സംബന്ധിച്ച് ഭൂവുടമയ്ക്കോ കുടുംബാംഗങ്ങൾക്കോ മതിയായ ധാരണ ലഭിച്ചിട്ടില്ല എങ്കിൽ ആയത് ഉറപ്പവരുത്തുന്നതിന് വേണ്ടി ഭരണസമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനിക്കുന്ന മാനദണ്ഡവും മുൻഗണനാക്രമവും യോഗ്യതകളും സംബന്ധിച്ച ഒരു പത്രപരസ്യം അല്ലെങ്കിൽ സമുചിതമായ മറ്റൊരു അറിയിപ്പ് എല്ലാ ഭൂവുടമകൾക്കും രേഖാ. കൃത നൽകേണ്ടതാണ്.
- മറ്റ കുടുംബാംഗങ്ങളിൽ നിന്നുള്ള നിരാക്ഷേപ പത്രം ഹാജരാക്കേണ്ടതാണ്.
- യോഗ്യതയും മുൻഗണനാക്രമവും സംബന്ധിച്ച മാനദണ്ഡങ്ങളിൽ രണ്ട് അപേക്ഷകർ തുല്യ നില കൈവരിക്കുന്ന പക്ഷം ഏറ്റവും കൂടിയ പ്രായമുള്ള ആൾക്ക് മുൻഗണന നൽകാവുന്നതാണ്.
- ഭാവിയിലെ വ്യവഹാരങ്ങളിൽ കമ്പനിയുടെ താൽപര്യങ്ങൾ പരിരക്ഷിക്കപ്പെടാനായി ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ ജോലിക്ക് അർഹത ഉണ്ടാവുകയുള്ളു എന്ന കാര്യം പ്രത്യേകം വിജ്ഞാപനം ചെയ്യപ്പെടേണ്ടതാണ്. ഈ സ്കീം പ്രകാരമുള്ള തൊഴിൽ ലഭ്യത negotiated purchase scheme പ്രകാരം വില നൽകി ഏറ്റെടുത്ത ഭൂമിയുടെ ഉടമകൾ ഒഴികെയുള്ള കോളനി നിവാസികൾക്കു മാത്രമായി പരിമിതപ്പെടുത്തുന്നതും വിജ്ഞാപനം ചെയ്യപ്പെടേണ്ടതാണ്.

19/1/24
19/1/24
19/1/2024
19/1/24
19/1